പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 49

01.12.2014 ൽ മറുപടിക്ക്

# കേന്ദ്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

ചോദ്യം: ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ എത്ര ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ്, ഐ.ആർ.എസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്; കേരളത്തിന് പ്രസ്തുത തസ്തികയിൽ എത്ര അനുവദനീയ തസ്തികകളാണ് ഉള്ളതെന്നും എത്ര പേരുടെ കുറവുണ്ട് എന്നും വ്യക്തമാക്കുമോ;

**(എ)** 94 ഐ.എ.എസ് ഉദ്യോഗസ്ഥരും, 62 ഐ.എഫ്.എസ് ഉദ്യോഗസ്ഥരും, 92 ഐ.പി.എസ് ഉദ്യോഗസ്ഥരും കേഡർ/എക്സ് കേഡർ/ ഡെപ്യൂട്ടേഷൻ തസ്തികകളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

കേരളത്തിൽ കേന്ദ്രഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ് ഉൾപ്പെടെ അനുവദനീയമായ കേഡർ തസ്തികകൾ താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| ഐ.എ.എസ് | - | 231 |
| ഐ.എഫ്.എസ് | - | 102 |
| ഐ.പി.എസ്. | - | 163 |

ഇതിൽ ഇപ്പോൾ ഐ.എ.എസിൽ 76 ഉം, ഐ.എഫ്.എസിൽ 26 ഉം, ഐ.പി.എസിൽ 36 ഉം പേരുടെ കുറവുണ്ട്.

ഐ,ആർ.എസ് സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

**(ബി)** ഇവരിൽ എത്ര പേർ കേന്ദ്ര ഡപ്യൂട്ടേഷൻ, സംസ്ഥാനത്ത് വിവിധ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

**(ബി)** ഐ.എ.എസിൽ 44 ഉം, ഐ.എഫ്.എസിൽ 14 ഉം, ഐ.പി.എസിൽ 28 പേരും കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. ഐ.എ.എസിൽ 11 ഉം, ഐ.എഫ്.എസിൽ 5 ഉം, ഐ.പി.എസിൽ 6 പേരും സംസ്ഥാന ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ട്.

**(സി)** ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ്, ഐ.ആർ.എസ് തസ്തികകളിൽ നിന്നും റിട്ടയർ ചെയ്തവരിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

**(സി)** ഐ.എ.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും, ശ്രീ. എം.പി.മത്തായി തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും ശ്രീമതി. വത്സലാകുമാരി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും, ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ ഗയിംസ് സെക്രട്ടേറിയറ്റിൽ ഡയറക്ടർ

ജനറൽ എന്ന രീതിയിലും ജോലി ചെയ്തു വരുന്നു. ഐ.എഫ്.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി.എം.മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാൻ എന്ന നിലയിൽ ജോലി ചെയ്തു വരുന്നു. ഇപ്രകാരമുള്ള ഉത്തരവുകൾ വിവിധ വകുപ്പുകളാണ് ഇറക്കുന്നത് എന്നതിനാൽ അവരിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

**(ഡി)** സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ (ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ്, ഐ.ആർ.എസ്) വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്നവർ ആരെല്ലാമെന്നും ഏതെല്ലാം വിഷയങ്ങളിന്മേലാണ് അന്വേഷണം എന്നും, വിവിധ അന്വേഷണങ്ങൾക്കു വിധേയമായി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

**(ഡി)** സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ വിവരം അടങ്ങുന്ന പട്ടിക അനുബന്ധം - 1 ൽ ചേർത്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങൾക്കു വിധേയമായി വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്ത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പട്ടിക അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്.

**(ഇ)** ഇവരിൽ എത്രപേർ ഇപ്പോൾ അവധി, സസ്പെൻഷൻ, പോസ്റ്റിംഗ് ലഭ്യമാകാതെ കഴിയുന്നവർ എന്നും വ്യക്തമാക്കുമോ;

**(ഇ)** ഇവരിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും, ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും ഇപ്പോൾ സസ്പെൻഷനിലാണ്.

**(എഫ്)** ചീഫ് സെക്രട്ടറിയുടെ പേരിൽ സംസ്ഥാനത്തെ IAS ഓഫീസർമാർ നല്കിയ പരാതികൾ എന്തെല്ലാം; മറ്റ് പൊതുജനങ്ങൾ നൽകിയ പരാതികൾ എന്തെല്ലാം; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം അന്വേഷണങ്ങൾ നടന്നു വരുന്നു; വ്യക്തമാക്കുമോ?

**(എഫ്)** IAS ഓഫീസർമാരിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നോ ചീഫ് സെക്രട്ടറിയ്ക്കെതിരായി ഒരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

## സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്നവരുടെ പട്ടിക

### വിജിലൻസ് അന്വേഷണം നേരിടുന്നവർ

### ഐ.എ.എസ്. ഉദ്യോഗസ്ഥർ

1. ശ്രീ. അനിൽ. എക്സ് ഐ.എ.എസ്-

VC 01/2012/SIU-1-മൂന്നാറിലെ ഹോട്ടൽ പ്രോജക്ട് ആയ M/s. ജെ.ജെ.ഹോളിഡെ റിസോർട്ട്സ് ലിമിറ്റഡിന് അനധികൃതമായി ലോൺ അനുവദിച്ചത് സംബന്ധിച്ച് കേസിന്റെ അന്വേഷണം നടന്നുവരുന്നു.

2. ശ്രീ. ജിജി തോംസൺ ഐ.എ.എസ്-

VC 1/97/SCT-പാമോയിലിന്റെ ഇറക്കുമതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് പ്രോസിക്യൂഷൻ ശുപാർശ സർക്കാരിൽ സമർപ്പിച്ചു. സർക്കാർ ഉത്തരവ് അനുസരിച്ച് പ്രോസിക്യൂഷൻ പിൻവലിക്കാൻ നൽകിയ അപേക്ഷയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വാദം നടക്കുന്നുണ്ട്.

3. ശ്രീ. വി.വേണു ഐ.എ.എസ്.

VC07/2012/TSR-കൊച്ചിൻ ദേവസ്വം ബോർഡിന്റെ പട്ടിത്താനം ഷോപ്പിംഗ് കോംപ്ലക്സിൽ 14000 സ്ക്വയർ ഫീറ്റ് ബിൽഡിംഗ് സ്പേസ് കുറഞ്ഞ വാടകയിൽ നിയമവിരുദ്ധമായി നൽകിയതുമായി ബന്ധപ്പെട്ട് അന്തിമ റിപ്പോർട്ട് 6/3/2014 ൽ കോടതിയിൽ സമർപ്പിച്ചു.

4. ശ്രീ. എ.റ്റി.ജെയിംസ് ഐ.എ.എസ്

VC 06/2012/EKM- ഗവൺമെന്റിന്റെ മുൻകൂർ അനുമതി ഇല്ലാതെയും ഗവൺമെന്റിന് നഷ്ടം വരുത്തിക്കൊണ്ടും 1850 മെട്രിക് ടൺ യൂറിയ കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച്.

5. ശ്രീ. പി.വേണുഗോപാൽ ഐ.എ.എസ്-

കോഴിക്കോട് കോർപ്പറേഷൻ ഫണ്ട് സർക്കാരിന്റെ അംഗീകാരമില്ലാതെ ദുർവിനിയോഗം ചെയ്തതും കോഴിക്കോട് കോർപ്പറേഷനിലെ ദുരിതാശ്വാസ നിധി ദുരുപയോഗം ചെയ്തതും കോഴിക്കോട് കോർപ്പറേഷനുവേണ്ടി സ്റ്റേഷനറി സാധനങ്ങൾ M/s. കേരള പ്രിന്റിംഗ് വർക്ക്സിൽ നിന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട് VC 03/2013/KKD, VC 07/2013/KKD, VC 11/2013/KKD എന്നീ വിജിലൻസ് കേസുകൾ നടന്നുവരുന്നു.

6. ശ്രീമതി.സി.എ.ലത, മുൻ അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രമോഷനിലെ ക്രമക്കേടുകളും ഫയലുകൾ കാണാതായതും സംബന്ധിച്ച് VC 2/2013/TVM എന്ന കേസിന്റെ അന്വേഷണം നടന്നുവരുന്നു.

7. ശ്രീ. റ്റി.ഒ.സൂരജ് ഐ.എ.എസ്.

വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യം സംബന്ധിച്ച് VC 09/2014/SCE എന്ന വിജിലൻസ് കേസ് നിലവിലുണ്ട്. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

8. ശ്രീ. രാജു നാരായണസ്വാമി ഐ.എ.എസ്.

2013 കാലയളവിൽ വിദേശയാത്രകൾ നടത്തിയതിൽ ടിക്കറ്റ് അനധികൃത ഏജൻസികളിൽ നിന്നും എടുത്തതുമായി ബന്ധപ്പെട്ട് VE 08/2014/SIU1 എന്ന വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

9. ശ്രീ. ദിനേശ് അറോറ ഐ.എ.എസ്.

ചികിത്സാ ഹെൽത്ത് കെയർ എന്ന സ്ഥാപനം 108 ആംബുലൻസ് സർവ്വീസിൽ നിശ്ചിത കിലോമീറ്ററിനു ശേഷം അധിക തുക ആവശ്യപ്പെടുന്നത് സംബന്ധിച്ച് VE 03/2013/SIU1 എന്ന വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

10. ശ്രീ. പി.ബി.സലിം ഐ.എ.എസ്.

നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നതുമായി ബന്ധപ്പെട്ട് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വന്ന ക്രമക്കേടുകളും കീഴാനിക്കോണം ക്ഷീര സഹോദര സംഘം ഫണ്ട് ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് VC 20/2013/KKD എന്ന കേസിന്റെ അന്വേഷണം നടന്നുവരുന്നു.

11. ശ്രീ. പി.എം. ഫ്രാൻസിസ് ഐ.എ.എസ്

സർക്കാർ സ്വത്ത് അനധികൃതമായി ദുർവിനിയോഗം ചെയ്യുന്നതും പ്രകൃതി ചൂഷണം ചെയ്യുന്നതും അധികാര ദുർവിനിയോഗം നടത്തുന്നതും സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. പി.എം. ഫ്രാൻസിസ് ഐ.എ.എസിനെതിരെ ഒരു QV 22/2014/TSR എന്ന സത്വരാന്വേഷണം നടന്നുവരുന്നു.

## ഐ.പി.എസ്. ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | കേസുകൾ / അന്വേഷണം സംബന്ധിച്ച വിവരം |
|---|---|---|
| 1 | ശ്രീ. ശ്രീജിത്ത് ഐ.പി.എസ്. | പരാതിക്കാരന്റെ അമ്മയുടെ പേരിൽ ഡമ്മി. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി പണം തട്ടിയെടുത്തതായും മറ്റുമുള്ള ആരോപണം സംബന്ധിച്ച (VC06/2010/SIU.I) കേസിന്റെ അന്വേഷണം നടന്നു വരുന്നു. |
| 2 | ശ്രീ.ടോമിൻ.ജെ.തച്ചങ്കരി ഐ.പി.എസ്. | അനധികൃത സ്വത്ത് സമ്പാദനത്തിന് (VC 03/07/SCE) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 29.07.2013 ൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച് കേസ് വിചാരണയിലാണ്. |
| 3 | ശ്രീ. കെ.ബി. ബാലചന്ദ്രൻ ഐ.പി.എസ്. | സർക്കാരിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വസ്തു വാങ്ങിച്ചതുമായി ബന്ധപ്പെട്ടും, സ്പെഷ്യൽ ബ്രാഞ്ച് എസ്.പി. ആയിരുന്ന സമയത്ത് ചെന്നൈയിൽ പ്രവർത്തിക്കുന്ന ഓട്ടോ ഫൈനാൻസിംഗ് കമ്പനികളുമായിട്ടുള്ള ഇടപാടുമായി ബന്ധപ്പെട്ടും വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.<br>(VE 7/12/SRT) |
| 4 | ശ്രീ. എസ്.സുരേന്ദ്രൻ ഐ.പി.എസ്. | പരാതിക്കാരനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തി തന്റെ ബന്ധുവിന് വേണ്ടി 5 ലക്ഷം രൂപ ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് (VE 7/13/KSD) വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |
| 5 | ശ്രീ. രാഹുൽ ആർ.നായർ ഐ.പി.എസ്. | പാറമട ഉടമകളിൽ നിന്ന് കൈക്കൂലി വാങ്ങി എന്ന ആരോപണത്തിൽ (VC 5/2014/SIU I) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |

## ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | ശ്രീ. അമിത് മല്ലിക് ഐ.എഫ്.എസ് | സർക്കാർ പണം ദുരുപയോഗം ചെയ്തതായി ബന്ധപ്പെട്ട് (VC 8/2002/IDK) എന്ന കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 08.03.2010 – ൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചു. കേസ് വിചാരണയിലാണ്. |
| 2 | ശ്രീ.കെ.ജി. മോഹൻലാൽ ഐ.എഫ്.എസ് | കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനുവേണ്ടി ഇന്നോവ കാർ, എ.സി. എന്നിവ വാങ്ങിയതിലെ അഴിമതി, നിയമനം നടത്തിയതിലെ ക്രമക്കേട് തുടങ്ങിയവ സംബന്ധിച്ച (VC 7/2013/SIU-II) കേസിന്റെ അന്വേഷണം നടന്നുവരുന്നു. |
| 3 | ശ്രീമതി.ഉമ ഐ.എഫ്.എസ്. | തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ നടത്തിയ അഴിമതികളെയും ക്രമക്കേടുകളെയും സംബന്ധിച്ച് QV 07/2014/TVM എന്ന സത്വര അന്വേഷണം നടന്നുവരുന്നു. |
| 4 | ശ്രീ. ആർ.കമലാഹർ ഐ.എഫ്.എസ്. | ചികിത്സാ ഹെൽത്ത് കെയർ എന്ന സ്ഥാപനം 108 ആംബുലൻസ് സർവ്വീസിന് നിശ്ചിത കിലോമീറ്ററിനു ശേഷം അധിക തുക ആവശ്യപ്പെടുന്നത് സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം VE 03/2013/SIU I നടന്നുവരുന്നു. |

[signature]

സെക്ഷൻ ഓഫീസർ

## വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ടവരുടെ പട്ടിക

### ഐ.എ.എസ്. ഉദ്യോഗസ്ഥർ

1. ശ്രീ. അനിൽ. എക്സ് ഐ.എ.എസ്
2. ശ്രീ. ജിജി തോംസൺ ഐ.എ.എസ്
3. ശ്രീ.വി.വേണു ഐ.എ.എസ്
4. ശ്രീ.എ.റ്റി.ജെയിംസ് ഐ.എ.എസ്
5. ശ്രീ. പി.വേണുഗോപാൽ ഐ.എ.എസ്
6. ശ്രീമതി.സി.എ.ലത ഐ.എ.എസ്
7. ശ്രീ. റ്റി.ഒ.സൂരജ് ഐ.എ.എസ്.
8. ശ്രീ. പി.ബി.സലിം ഐ.എ.എസ്.

### ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ

1. ശ്രീ. അമിത് മല്ലിക് ഐ.എഫ്.എസ്
2. ശ്രീ.കെ.ജി. മോഹൻലാൽ ഐ.എഫ്.എസ്

### ഐ.പി.എസ്. ഉദ്യോഗസ്ഥർ

1. ശ്രീ.ടോമിൻ.ജെ.തച്ചങ്കരി ഐ.പി.എസ്.
2. ശ്രീ. രാഹുൽ ആർ.നായർ ഐ.പി.എസ്.
3. ശ്രീ. ശ്രീജിത്ത് ഐ.പി.എസ്.

സെക്ഷൻ ഓഫീസർ